## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1428

06.03.2018-ൽ മറുപടി പറയേണ്ടത്

### പഞ്ചായത്ത് ദിനാഘോഷം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുക അനുവദിച്ചിട്ടില്ല. ഈ വർഷം ഫെബ്രുവരി 18, 19 തീയതികളിൽ പെരിന്തൽമണ്ണയിൽ വച്ച നടന്ന പഞ്ചായത്ത് ദിനാഘോഷത്തിന്റെ വരവ്-ചെലവ് കണക്കുകൾ സംബന്ധിച്ച വിവരം ശേഖരിച്ച നൽകുന്നതാണ്. |
| (ബി) | ഇപ്രകാരമുള്ള ചെലവുകൾ ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ തുകയെത്രയെന്നും, സർക്കാർ അനുവദിച്ച തുകയെത്രയെന്നും, ജീവനക്കാരുടെ വിഹിതമെത്രയെന്നും അറിയിക്കാമോ? | (ബി) | ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്നുള്ള വിഹിതം വിനിയോഗിച്ചുകൊണ്ടാണ് പഞ്ചായത്ത് ദിനാഘോഷം നടത്തിയത്. പഞ്ചായത്ത് ദിനാഘോഷം നടത്തിപ്പിനും മറ്റ അനുബന്ധ ക്രമീകരണങ്ങൾക്കുമായി മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 20,000/- രൂപ വീതവും മറ്റ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 15,000/- രൂപ വീതവും ആവശ്യപ്പെട്ടതനുസരിച്ച് 1,45,12,500/- രൂപ ലഭ്യമായിരുന്നു. ഈ ഇനത്തിൽ സർക്കാരിൽ നിന്നും തുക അനുവദിച്ചിട്ടില്ല. ജീവനക്കാരിൽ നിന്നും വിഹിതം ഈടാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ